പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3297

11/05/2017 ൽ മറുപടിക്ക്

## നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കളുടെ വില

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കളായ സിമന്റ്, കമ്പി, മണൽ എന്നിവയുടെ വില കുതിച്ചു കയറുകയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) സിമന്റ്, കമ്പി, മണൽ എന്നിവയുടെ വില വർദ്ധിക്കുന്നു എന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ ഇതേ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ട്. |
| ബി) കേരളത്തിൽ സിമന്റ് വിൽപ്പന നടത്തുന്ന അതേ കമ്പനികളുടെ സിമന്റിന് തൊട്ടടുത്ത അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ ചാക്കൊന്നിന് കേരളത്തിലെ വിലയേക്കാൾ 100 രൂപയിലധികം കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) കേരളത്തിൽ ആവശ്യമുള്ള 90% സിമന്റും അയൽ സംസ്ഥാനങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത്. അയൽ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുമ്പോൾ അധികം ചിലവാകുന്ന ഫ്രൈറ്റ് ചാർജ്ജും കേരളത്തിലെ ഹാന്റിലിംഗ് ചാർജ്ജും കേരളത്തിലെ സിമന്റ് വില അയൽ സംസ്ഥാനങ്ങളിൽ ഉള്ളതിനേക്കാൾ കൂടുതൽ ആകാൻ കാരണമാകുന്നുണ്ട്.<br><br>അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമന്റ് ബാഗ് ഒന്നിന് ഏകദേശം 50-80 രൂപ |

കൂടുതലാണ്. എന്നാൽ മറ്റ് പ്രൈവറ്റ് സിമന്റ് കമ്പനിക്കാരുടെ ബില്ലിംഗ് തുക 426 രൂപ മുതൽ 431 വരെ ആണെങ്കിലും ഹോൾസെയിൽ വില ഒരു ബാഗിന് ഏകദേശം 375 രൂപയ്ക്കും 380 രൂപയ്ക്കും ഇടയ്ക്കാണ്. ഒരു ബാഗിന് ചില്ലറ വില്പന വില ഇപ്പോൾ 410 രൂപയ്ക്കു മുകളിലാണ്. എന്നാൽ മലബാർ സിമന്റ്സ് സാധാരണ ജനങ്ങൾക്ക് കുറഞ്ഞ വിലയിൽ സിമന്റ് ലഭിക്കുക എന്ന കാഴ്ചപ്പാടിൽ പരമാവധി ചില്ലറ വില 405/- (MRP) രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

സി) എങ്കിൽ ഇത്തരത്തിൽ കേരളീയരെ കൊള്ളയടിക്കുന്ന സിമന്റ് നിർമ്മാതാക്കളുടെ പ്രവർത്തനം നിയന്ത്രിച്ച് കേരളത്തിലും തമിഴ് നാട്ടിലെ വിലയിൽ വിൽപ്പിക്കുന്നതിനും, അല്ലെങ്കിൽ സർക്കാർ സ്ഥാപനമായ മലബാർ സിമന്റ്സിൽ ഉൽപ്പാദനം വർദ്ധിപ്പിച്ച് വില കുറച്ച് നൽകുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സി) വിപണി വിപുലീകരിക്കുന്നതിനായി കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ ഒരു സിമന്റ് ഹബ്ബ് സുസജ്ജമാക്കാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. കൂടാതെ ജില്ലകൾതോറും സഹകരണമേഖലയെ കൂടുതൽ ഫലപ്രദമായ രീതിയിൽ ഉപയോഗിച്ചുകൊണ്ട് മലബാർ സിമന്റ്സ് കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും ലഭ്യമാക്കുന്നതിനും നടപടികൾ തുടങ്ങിയിട്ടുണ്ട്.

കേരള സിമന്റ് വിപണിയുടെ 6-8% വരെ വിഹിതമാണ് മലബാർ സിമന്റിനുള്ളത്. എന്നാൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുമൂലം ഏകദേശം 3 മാസത്തോളം ഉല്പാദനക്കുറവു നേരിടുകയും മലബാർ സിമന്റ്സ് വിപണിയിൽ നിന്ന് വിട്ടുനിൽക്കേണ്ടതായ സാഹചര്യം വരികയുണ്ടായി. ഈ അവസരത്തിൽ സ്വകാര്യ

കമ്പനികൾ മലബാർ സിമന്റ്സിന്റെ വിപണി കൈയ്യടക്കി. ഇതേ കാലയളവിൽ നോട്ട് പ്രതിസന്ധി, ജലദൗർലഭ്യം, ക്വാറി സമരം എന്നിവ സ്ഥിതി കൂട്ടുതൽ ഗൗരവമാക്കി. എന്നാൽ മാനേജ്മെന്റിന്റെ സമയോചിതമായ ഇടപെടൽമൂലം അസംസ്കൃതവസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിച്ച് ഉല്പാദനം കാര്യക്ഷമമാക്കുകയും വിപണി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

ഒരുബാഗിന് ചില്ലറ വില്പന വില ഇപ്പോൾ 410 രൂപയ്ക്ക് മുകളിലാണ്. എന്നാൽ മലബാർ സിമന്റ്സ് സാധാരണ ജനങ്ങൾക്ക് കുറഞ്ഞ വിലയിൽ സിമന്റ് ലഭിക്കുക എന്ന കാഴ്ചപ്പാടിൽ പരമാവധി ചില്ലറ വില 405/- (MRP) രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

Bindumol·K·N

സെക്ഷൻ ഓഫീസർ